# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം
### നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 694
### 14.07.2014 ലെ മറുപടിക്ക്
### അന്യസംസ്ഥാനങ്ങളിൽ നോർക്ക സാറ്റലൈറ്റ് ഓഫീസുകൾ

ചോദ്യം | മറുപടി

ശ്രീ. ഹൈബി ഈഡൻ
,, പാലോട് രവി
,, ബെന്നി ബെഹനാൻ
,, എ.റ്റി. ജോർജ്

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) നോർക്ക അന്യസംസ്ഥാനങ്ങളിൽ സാറ്റലൈറ്റ് ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടോ ; | എ) ഉണ്ട് |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതു മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കുമോ; | ബി) നോർക്ക വകുപ്പിന്റെ നിർവഹണ ഏജൻസിയായ നോർക്ക-റൂട്ട്സിന്റെ പ്രവർത്തനങ്ങൾ മറുനാടൻ മലയാളികളുടെ ഇടയിൽ കൂടുതൽ വ്യാപിപ്പിക്കുക, സേവനങ്ങൾ താമസംവിനാ ലഭ്യമാക്കുക, പ്രവാസി മലയാളികളുടെ പരാതികൾ കേരള സർക്കാർ മുഖേന സമയബന്ധിതമായി അതത് സംസ്ഥാനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം തേടുന്നതിനുള്ള ശ്രമങ്ങൾ ഏകോപിപ്പിക്കുക തുടങ്ങിയ ലക്ഷ്യങ്ങളാണ് സാറ്റലൈറ്റ് ഓഫീസുകൾക്കുള്ളത്. പ്രവാസി മലയാളികൾ കൂടുതലുള്ള ചെന്നൈയിലും, ബറോഡയിലും, ബാംഗ്ലൂരിലും, ഹൈദരാബാദിലും സാറ്റലൈറ്റ് ഓഫീസുകളുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഇതിനുപുറമേ ഡൽഹിയിലും, മുംബൈയിലും നോർക്ക ഡവലപ്പ്മെന്റ് ഓഫീസുകളും പ്രവർത്തിക്കുന്നുണ്ട്. |
| (സി) പ്രവാസി മലയാളികളെ സഹായിക്കാൻ എന്തെല്ലാം സേവനങ്ങളാണ് ഇവിടെ നടത്തി വരുന്നത്; വിശദമാക്കുമോ; | സി) NRK ഇൻഷ്വറൻസ് കാർഡിന്റെ അപേക്ഷ സ്വീകരിക്കലും വിതരണവും, പ്രവാസിക്ഷേമ നിധിയിലേയ്ക്കുള്ള അപേക്ഷകളുടെ സ്വീകരി |

| | |
|---|---|
| | ക്കൽ, നോർക്ക പദ്ധതികളുടെ ആനുകൂല്യത്തിനായി അപേക്ഷകൾ സ്വീകരിക്കുക, പ്രവാസി സംഘടന കളുമായി സംവേദനം നടത്തുക, പ്രവാസി മലയാളികളുടെ പരാതികൾക്ക് കേരള സർക്കാർ വഴി അതാത് സംസ്ഥാനങ്ങളുടെ ശ്രദ്ധയിൽ കൊണ്ടു വന്ന് പരിഹാരം തേടുക, മാതൃ സംസ്ഥാനത്തെ സ്ഥാവരജംഗമ സ്വത്തു ക്കൾക്ക് സംരക്ഷണം ഉറപ്പു വരുത്തുക, തുടങ്ങിയ കാര്യങ്ങളുടെ ഏകോപനവും പ്രീഡിപ്പാർച്ചർ ഓറിയന്റേഷൻ പ്രോഗ്രാ മുകൾ, പ്രവാസി സംഗമങ്ങൾ തുടങ്ങി യവയും സാറ്റലൈറ്റ് ഓഫീസുകൾ വഴി അന്യസംസ്ഥാനങ്ങളിൽ നടപ്പിലാക്കി വരുന്നുണ്ട്. |
| (ഡി) ഏതെല്ലാം സംസ്ഥാനങ്ങളിലാണ് ഇത് പ്രവർത്തിച്ചു വരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | ഡി) തമിഴ്നാട്, ഗുജറാത്ത്, ആന്ധ്ര പ്രദേശ്, കർണാടക, എന്നീ സംസ്ഥാന ങ്ങളിലാണ് സാറ്റലൈറ്റ് ഓഫീസുകൾ പ്രവർത്തിച്ചു വരുന്നത്. തമിഴ്നാട്ടിലുള്ള ഓഫീസ് ചെന്നൈയിലെ കോൺ ഫെഡറേഷൻ ഓഫ് തമിഴ്നാട് മലയാളി അസോസിയേഷന്റെ ഓഫീസ് കെട്ടിട ത്തിലും, ഗുജറാത്തിലെ ഓഫീസ് ബറോഡ കേരള സമാജത്തിന്റെ ഓഫീസ് കെട്ടിടത്തിലും ആന്ധ്രാ പ്രദേശിലെ ഓഫീസ് മെട്രോ പാംഗ്രോവ് അപ്പാർട്ട്മെന്റ്, സോമ ജിഗുഡ, ഹൈദരാബാദിലും, കർണ്ണാട കത്തിലെ ഓഫീസ് ഫെഡറേഷൻ ഓഫ് ആൾ ഇന്ത്യാ മറുനാടൻ മലയാളി അസോസിയേഷന്റെ (FAIMA) ബാംഗ്ലൂർ അൽസൂരിൽ ഉള്ള എസ്സ്.എൻ. |

| | |
|---|---|
| | സമിതിയുടെ കെട്ടിടത്തിലുമാണ് പ്രവർത്തിച്ചു വരുന്നത്. മുംബൈ കേരളഹൗസിലും, ഡെൽഹിയിലെ ട്രാവൻകൂർ ഹൗസിലുമാണ് നോർക്ക ഡവലപ്പ്മെന്റ് ഓഫീസുകൾ പ്രവർത്തിക്കുന്നത്. |

സെക്ഷൻ ഓഫീസർ